بسم الله الرحمن الرحيم

# പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

## വെള്ളിയാഴ്ച ഖുത്തുബ

*06 January 2012 (11 Safar 1433 Hijri)*

**ഹസ്രത്ത് ഖലീഫത്തുല്ല, അൽമസീഹുൽ മൗഊദ് മുനീർ അഹ്മദ് അസീം(അ)**

**(വെള്ളിയാഴ്ച ഖുത്തബയുടെ സംഗ്രഹം)**

ലോകമെമ്പാടുമുള്ള അനുയായികളെ പ്രത്യേകിച്ചും മുസ്ലിംകളെ പൊതുവിലും, സമാധാനത്തിന്റെ അഭിവാദ്യങ്ങൾ അർപ്പിച്ച ശേഷം മസീഹുല്ലാഹ് തശ്ഹദും, തഅവസും,സൂറഫാത്വിഹയും ഓതികൊ് ഇപ്രകാരം പറഞ്ഞു.

وَإِنَّهُ لَتَنزِيلُ رَبِّ الْعَالَمِينَ ۝

ഇത് (ഖുർ ആൻ) സർവ്വലോക പരിപാലകൻ ഇറക്കിയതു തന്നെയാണ്.(26:193)

ഈ പ്രപഞ്ചത്തിലെ നാനാതരത്തിലുള്ള സൃഷ്ടിജാലങ്ങൾക്ക് ഒരു നിയതമായ രൂപഘടനയും അവയ്ക്കിടയിൽ ആഴത്തിലുള്ള പാരസ്പര്യവും നിലനില്ക്കുന്നു്. എങ്ങനെ യാണ് ജീവിതത്തിന് അത്യാന്താപേക്ഷിത ഘടകങ്ങളായ ഭക്ഷണം,വായു,ജലം,സൂര്യപ്രകാശം തുടങ്ങിയവയെല്ലാം ഈ ഭൂമിയിൽ യാദൃശ്ചികമായി ഒത്തുകൂടാനിടയായത്? കണ്ണുകളെ യാദൃശ്ചികമായി സൃഷ്ടിക്കപ്പെട്ടതാണെങ്കിൽ, സൂര്യനെയും ഇതുപോലെ യാദൃശ്ചികമായി സൃഷ്ടിച്ചതാണോ? അതേപോലെ കാതുകളെ സൃഷ്ടിച്ചപോലെ തന്നെ യാദൃശ്ചികമായിട്ടാണോ, ശബ്ദം കേൾക്കാൻ സഹായകമായ വായുവിനെയും സൃഷ്ടിച്ചത്? മനുഷ്യൻ ഭൂമിയിൽ ആഗതനായത് യാദൃശ്ചികമായാണെങ്കിൽ അവനു പങ്കാളിയും വംശവർദ്ധനയ്ക്കു സഹായിയുമായി വർത്തിക്കുന്ന സ്ത്രീകളും യാദൃശ്ചികമായി ഉായതാവുമോ?

ഇത്തരം ഉദാഹരണങ്ങളുടെ പട്ടിക നിരത്താൻ തുടങ്ങിയാൽ നീതാവും. ഇതിൽ നിന്നൊക്കെ മനസ്സിലാകുന്ന വസ്തുത എന്തെന്നാൽ ഈ പ്രപഞ്ചത്തിലെ വിവിധ സൃഷ്ടിജാലങ്ങൾക്കിടയിൽ നിലനില്ക്കുന്ന പാരസ്പര്യവും, പരസ്പരാശ്രയത്വവും ഒരിയ്ക്കലും ഒരു യാദൃശ്ചികതയായി സംഭവിച്ച ഒന്നല്ല എന്നും എല്ലാം അറിയുന്നവനും, സർവ്വശക്തനും, അതിബുദ്ധിമാനും, സ്രഷ്ടാവുമായ അല്ലാഹു പ്രപഞ്ചത്തിന്റെ നിയതമായ രൂപഘടന തയാറാക്കുകയും, എന്നിട്ട് അതനുസരിച്ചുള്ള പ്രപഞ്ചത്തെ നിലവിൽ കൊു വരുകയും ചെയ്തു എന്നുമാണ്.

നമ്മളിൽപ്പെട്ട ചില ആൾക്കാർ, ഈ പ്രപഞ്ചത്തിനു രൂപം നല്കുകയും അതിനെ ഭൂമിയിൽ നിലനിർത്തുകയും ചെയ്തത് അല്ലാഹു തന്നെയാണെന്ന് വിശ്വസിക്കുന്നുങ്കെിലും, ഇത് ഭൂമിയിൽ നിലവിൽ വന്നതിനുശേഷം അത് സഹജമായ ചില നിയമങ്ങളുടെ പിൻബലത്തിൽ സ്വയം ചലിച്ചുകൊിരിക്കുകയാണെന്നും അല്ലാഹുവിന് അതിൽ യാതൊരു പങ്കുമില്ല എന്നും കരുതുന്നവരാണ്. സത്യമതാണ് എങ്കിൽ, ഇനി പറയുന്ന ചോദ്യങ്ങൾക്ക് നമുക്ക് ഒരു കാരണവശാലും ഉത്തരം കത്തെുവാൻ കഴിയുമായിരുന്നില്ല.

1. എന്തിനാണ് അല്ലാഹു ഇത്തരം വിചിത്രമായ ഒരു പ്രപഞ്ചത്തെ സൃഷ്ടിച്ചത്? അതിന്റെ സൃഷ്ടിക്ക് പ്രത്യേകിച്ചൊരു കാരണമുോ?
2. അല്ലാഹു മനുഷ്യരോട് അവന്റെ സൃഷ്ടിയുടെ ലക്ഷ്യം തുറന്നു പറഞ്ഞിട്ടുോ?
3. ഇഹലോക ജീവിതത്തിനു ശേഷം പരലോക ജീവിതമുോ?(മരണാനന്തരജീവിതമുോ?)
4. മനുഷ്യനെ അവന്റെ കർമ്മങ്ങളുടെ അടിസ്ഥാനത്തിൽ പ്രതിഫലം നല്കി അനുഗ്രഹിക്കുകയോ ശിക്ഷിക്കുകയോ ചെയ്യപ്പെടുമോ?

ദൈവമു് എന്നു വിശ്വസിക്കുന്ന ഹിന്ദുവിഭാഗങ്ങൾ പക്ഷേ വെളിപാടുകളെ അംഗീകരിക്കുന്നില്ല. അവർ അതിനെ തീർത്തും നിരാകരിക്കുകയാണ്. അവരുടെ വാദഗതി, യുക്തിബോധം കൈമുതലായുള്ള മനുഷ്യന്, അതിന്റെ സഹായത്താൽ തന്റെ മനസ്സിലുടലെടക്കുന്ന സംശയങ്ങൾക്ക് ഉത്തരം കത്താൻ കഴിയുമെന്നാണ്. അതിനാൽ തന്നെ അവരെ സംബന്ധിച്ചിടത്തോളം വെളിപാടുകളുടെ (ദർശനങ്ങളുടെ) ആവശ്യമുദിക്കുന്നേയില്ല.

വസ്തുതകളുടെ നേരിട്ടുള്ള നിരീക്ഷണത്തിന്റെഫലമായാണ് എല്ലാ തലത്തിലുമുള്ള അറിവുകൾ നമുക്ക് കരഗതമാകുന്നത്. കാര്യങ്ങൾ വസ്തുനിഷ്ടമായി നിരീക്ഷിച്ച് നിഗമനങ്ങളിലെത്തിചേർന്നിട്ടാണ് ശാസ്ത്രസത്യങ്ങൾ പ്രഖ്യാപിക്കുന്നത്. നേരിട്ടുള്ളനിരീക്ഷണമില്ലാതെ മനുഷ്യ

യുക്തിക്ക് എതെങ്കിലും തരത്തിലുള്ള ഒരു അറിവ് നേടിയെടുക്കാൻ സാധിക്കുകയില്ല. ഒരു പരികല്പനം(Hypothesis) തെളിയിക്കപ്പെട്ട സത്യമായി മാറണമെങ്കിൽ അത് വിശ്വസനീയവും കാലികാപ്രാധാന്യവുമുള്ള വസ്തുതകളാൽ പിന്താങ്ങപ്പെടെതു്. പ്രപഞ്ചത്തെ നിരീക്ഷിക്കുമ്പോൾ നമുക്കൊരു പരികല്പനത്തിൽ(Hypothesis) എത്തിച്ചേരാം. അതായത് പ്രപഞ്ചത്തിന് ഒരു ശിൽപ്പിയു് എന്ന്. പക്ഷെ അത് വസ്തുതകളുടെ നിരീക്ഷണത്തിന്റെ സഹായത്താൽ തെളിയിക്കപ്പെട്ടില്ല എങ്കിൽ നമ്മുടെ ആ പരികല്പനത്തിന് (അനുമാനത്തിന്) ഒരു മൂല്യവുമില്ല. നമ്മുടെ ഇന്ദ്രിയങ്ങളുടെ സഹായത്താൽ മാത്രം നമുക്ക് ദൈവത്തെ നിരീക്ഷിക്കാനാവില്ല. അല്ലാഹു വിശുദ്ധ ഖുർ ആനിൽ പറയുന്നത് നോക്കുക.

<u>ദൃഷ്ടികൾ അവനിലേക്ക് എത്തുകയില്ല. എന്നാൽ അവൻ ദൃഷ്ടികളിലേക്ക് എത്തുന്നു. അവൻ അതിസൂക്ഷ്മനും, സൂക്ഷമജ്ഞനുമാകുന്നു.(6:104)</u>

അല്ലാഹു മനുഷ്യന് വെളിപ്പെടുത്തിതന്നെങ്കിലല്ലാതെ, ഒരു ദൈവമു് എന്നതിനെക്കുറിച്ച് വ്യക്തമായ ധാരണ (അവബോധം) അവനിലുാകുന്നതല്ല. അതിനാലാണ് കാലാകാലങ്ങളിൽ അല്ലാഹു തന്റെ തെരഞ്ഞെടുക്കപ്പെട്ട ഭക്തദാസർക്ക് ദിവ്യവെളിപാടുകളിലൂടെ തന്നെപ്പറ്റി അറിയിച്ചുകൊടുക്കുന്നത്. അങ്ങനെ അറിയിച്ചു കൊടുത്തില്ലായിരുന്നുവെങ്കിൽ ദൈവമു് എന്നും, മരണാനന്തരജീവിതമു് എന്നും ഒന്നും മനുഷ്യന് അറിയുവാൻ കഴിയുമായിരുന്നില്ല.

ദൈവം പുകാലങ്ങളിൽ മനുഷ്യരോട് സംസാരിച്ചിരുന്നു എന്നും പക്ഷെ ഇപ്പോൾ ആ പരിപാടി നിർത്തി എന്നും ചില ആൾക്കാർ വിശ്വസിച്ചു പോരുന്നു.എന്താണ്; ദൈവത്തിന് തന്റെ കാഴ്ച– കേഴ്‌വി ശക്തികളൊക്കെ നഷ്ടപ്പെട്ടോ? തന്നെ വിളിച്ച് പ്രാർത്ഥിക്കുന്നവരുടെ പ്രാർത്ഥന ഇനി അവന് കേൾക്കുകയേ വേ എന്നാണോ? ദൈവം മുമ്പ് ചെയ്തിരുന്നപോലെ തന്നെ തന്റെ യഥാർത്ഥ ദൈവഭയമുള്ള ദാസരുമായി ഇപ്പോഴും, ,സംവദിക്കുന്നു എന്ന സുവാർത്തയാണ് ഇസ്ലാം നല്കുന്നത്. ഈ കാലഘട്ടത്തിലെ, അല്ലാഹുവിന്റെ ഖലീഫയായ ഞാൻ, ദൈവിക തെരഞ്ഞെടുപ്പിൻെറ തുടക്കം മുതൽ–2000
–ാം മ് മുതൽ തന്നെ ദൈവീകവെളിപാടുകളാൽ അല്ലാഹു എന്നെ അനുഗ്രഹിച്ചിരിക്കുന്നു എന്നും, ഈ കാലഘട്ടിത്തിലേക്ക് ഉള്ള മുഹ്‌യിദ്ദീൻ ആയും, ഖലീഫത്തുല്ലാഹ് ആയും എന്നെ തെരഞ്ഞെടുത്തിരിക്കുന്നതായി അല്ലാഹു വെളിപ്പെടുത്തി തന്നിരിക്കുന്നു എന്നും അവകാശപ്പെടുകയാണ്.അതിലുപരിയായി, എന്റെ ഭക്തരായ അനുയായികളിൽ പലർക്കും വെളിപാടുകൾ അനുഭവപ്പെടുന്നതായും അതുവഴി അവർക്ക് അല്ലാഹു ഉണ്ട് എന്നുള്ള ഉറപ്പു ലഭ്യമാകുന്നതായും കാണാം.

ജീവിതലക്ഷ്യം പ്രാപിക്കുന്നതിനുള്ള വഴിയാണ്, ദർശനങ്ങളും, സദ്സ്വപ്നങ്ങളും, വെളിപാടുകളും. സർവ്വശക്തനായ അല്ലാഹുവിലേക്കു നയിക്കുന്ന പാത ബുദ്ധിമുട്ടും, കഷ്ടതകളും, പരീക്ഷണങ്ങളും, ദൗർഭാഗ്യങ്ങളും നിറഞ്ഞ ഒന്നാകയാൽ തീർത്തും അപരിചിതമായ ഈ പാതയിലൂടെ മുന്നേറുന്നവരിൽ പലരും വഴിതെറ്റി പോകുവാനും, നിരാശരായി ഹതാശരായി മുന്നോട്ടുള്ള പോക്ക് പാതിവഴിയിൽ മതിയാക്കുവാനും സാധ്യതയു്. ഇത്തരം വേളകളിലാണ് അല്ലാഹു കൃപാകടാക്ഷം അവർക്ക് ആശ്വാസവും പ്രോതാസാഹനവും പകർന്നു നല്കുകയും അവരുടെ ഉത്സാഹത്തിനേയും ആവേശത്തിനെയും വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

ഇത്തരം ഭക്തദാസരെ, ആശ്വസിപ്പിക്കുവാനും, ഞാൻ നിങ്ങളോ<u>ടൊപ്പമു് എന്നുറപ്പു നല്കു</u>വാനുമായാണ് അവൻ തന്റെ വെളിപാടുകൾ അവർക്ക് അനുഗ്രഹമായി ഇറക്കി നല്കുന്നത്. അങ്ങനെ അത്തരം ഭക്തദാസർ നേർമാർഗ്ഗത്തിൽ ഉത്തരോത്തരം ആത്മവിശ്വാസത്തോടെ പ്രയാണം തുടരുന്നു.

''ഇസ്ലാം മത തത്വജ്ഞാനം എന്ന തന്റെ പുസ്കത്തിൽ വാഗ്ദത്ത മസീഹ് ഹസ്രത്ത് മിർസാ ഗുലാം അഹ്മദ് (അ) ഇപ്രകാരം എഴുതിയിരിക്കുന്നു''.ഒരു വിഷയത്തെപ്പറ്റി ഗഹനമായി ചിന്തിച്ചുകൊിരിക്കുന്ന വ്യക്തിയുടെ മനസ്സിൽ അതു സംബന്ധമായി ലഭ്യമാകുന്ന ആശയത്തെയല്ല വെളിപാടു കൊർത്ഥമാക്കുന്നത്. ഉദാഹരണമായി പറഞ്ഞാൽ, കവിതയുടെ ചില വരികൾ മാത്രം എഴുതിയ കവി അതിന്റെ ബാക്കി വരികൾക്കായി മനസ്സിൽ പരതുമ്പോൾ അതു തെളിഞ്ഞു വരുമ്പോലെയല്ല വെളിപാടുകൾ. അതിന് വെളിപാടല്ല, മറിച്ച് പ്രകൃതി നിയമമനുസരിച്ചുള്ള ചിന്തകളുടെ പ്രതിഫലനം മാത്രമാണ്. വെളിപാടെന്നത് പരിശുദ്ധനും, സർവ്വശക്തനുമായ അല്ലാഹു താൻ തെരഞ്ഞെടുത്ത അല്ലെങ്കിൽ തെരഞ്ഞെടുക്കുവാനുദ്ദേശിക്കുന്ന ഭക്തദാസനുമായി നടത്തുന്ന സംവാദമാണ്.

ചില സന്ദർഭങ്ങളിൽ ചില വ്യക്തികൾക്ക് ഒരു പരീക്ഷണമെന്ന നിലയിൽ വെളിപാടുകളിറക്കാറു്. അത്തരം വെളിപാടുകൾ പൂർണ്ണമായും അനുഗ്രഹങ്ങൾ നിറഞ്ഞതായിരിക്കില്ല. ഇത്തരം സന്ദർഭങ്ങളിൽ, വെളിപാട് ലഭ്യമായ വ്യക്തിയെ തുടക്കം മുതൽ തന്നെ പരീക്ഷണത്തിലകപ്പെടുത്തുന്നു. അങ്ങനെ ആ വ്യക്തി യഥാർത്ഥത്തിൽ വെളിപാടു ലഭിച്ചു കൊിരിക്കുന്ന ഭക്തദാസരെ പോലെ

ഭക്തിപൂർണ്ണമായ ഒരു ജീവിത പാത നയിക്കുകയാണെങ്കിൽ, വെളിപാടുകൾ തുടർന്നും ലഭിക്കുന്നതും അല്ലാത്ത പക്ഷം നിരാശയിൽ അകപ്പെട്ടു പോകുന്നതുമായിരിക്കും. യഥാർത്ഥ ദൈവഭക്തരുടെ ജീവിത രീതി അനുവർത്തിക്കാത്ത പക്ഷം, വെളിപാടുകളാകുന്ന അനുഗ്രഹപൂർണ്ണത ആ വ്യക്തിക്ക് ഒരിയ്ക്കലും ലഭ്യമാകുന്നതേയല്ല. ഇതു ലഭിക്കുന്നു് എന്ന വ്യാജമായ വെറും പൊങ്ങച്ചം മാത്രം അയാൾക്കു പറഞ്ഞു നടക്കാനാകും.ഭക്തദാസരായ ദശലക്ഷ കണക്കിന് ആൾക്കാർക്ക് വെളിപാടുകൾ ലഭിക്കുന്നു്.ഓരോരുത്തർക്കും ഓരോ തലത്തിലുള്ള അനുഗ്രഹങ്ങളാണ് ലഭിച്ചു കൊിരിക്കുന്നത്. ആയതിനാൽ തന്നെ അല്ലാഹുവിനോടുള്ള ആദരവിൽ ആരും സമാന നിലവാരത്തിലുള്ളവരുമല്ല.

വെളുപാടുകൾ ദൈവീകമായ, പവിത്രമായ ഒരു അനുഗ്രഹമാണ്. അത് ഒരാളുടെ ആത്മീയ ഔന്നത്യത്തിന്റെ തെളിവല്ല. അത് ലഭിക്കുന്ന ആളിന്റെ സത്യസന്ധതയും, ആത്മാർത്ഥതയും വിശ്വസ്തതയും എത്രത്തോളമെന്ന് അല്ലാഹുവിനു മാത്രമോ അറിയുകയുള്ളൂ. എന്നാൽ ഒരു ഭക്തദാസൻ തന്റെ നാഥന്റെ സന്നിധിയിൽ സമർപ്പിക്കുന്ന ഒരു ചോദ്യത്തിന്, അല്ലാഹു മറുപടി നല്കുന്നുണ്ട്ങ്കിൽ, അതുപോലെ തന്നെ ആ ചോദ്യത്തിനും ഉത്തരത്തിനും ഇടയിൽ ഒരു താളമുങ്കെിൽ, ദൈവീക ശക്തിയുടെയും, ദൈവീക പ്രകാശത്തിന്റയും പ്രഭാവമുങ്കെിൽ, നാളിതുവരെ അറിയപ്പെടാത്ത, അറിവിന്റെ സമാഹാരമാണെങ്കിൽ, ശരിയായി ഗ്രഹിക്കാവുന്നതെണെങ്കിൽ ആ വെളിപാട് അല്ലാഹുവിന്റെ വാക്കുകൾ തന്നെയായിരിക്കും.

സർവ്വശക്തനായ അല്ലാഹു നിങ്ങളിരോരുത്തരെയും അവന്റെ ദിവ്യപ്രകാശത്താൽ അനുഗ്രഹിക്കുകയും നിങ്ങളിലോരോരുത്തർക്കും, അവന്റെ ദിവ്യ പ്രകാശമടങ്ങിയ ദിവ്യ വെളിപാടുകൾ കോരിചൊരിയുകയും ചെയ്യുമാറാകട്ടെ, ആമീൻ ഇൻശാ അല്ലാഹ്.

ലോകത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെപ്പറ്റിയാണ് ഞാൻ ഇനി നിങ്ങളോട് സംസാരിക്കുന്നത്.

അന്താരാഷട്ര നില– ലോകമെമ്പാടും സാമ്പത്തിക പ്രതിസന്ധി നിലനില്ക്കുന്ന ഒരു അവസ്ഥാ വിശേഷമാണിപ്പോൾ പൊതുവേ കുവരുന്നത്. യൂറോയുടെ വിലയിടിവ്– പല രാജ്യങ്ങളിലും പ്രക്ഷോഭങ്ങൾ, സമരങ്ങൾ, രാജ്യങ്ങൾ തമ്മിൽ യുദ്ധം പ്രഖ്യാപിക്കുന്ന സ്ഥിതി വിശേഷങ്ങൾ, പ്രത്യേകിച്ചും അറബിരാജ്യങ്ങളിൽ ഇതൊക്കെ കാണുന്നു. ഈ രാജ്യങ്ങളിൽ രക്തപുഴയൊഴുകും. അതു പോലെ തന്നെ ഇസ്രയേലും പാലസ്തീനും തമ്മിലുള്ള പ്രശ്നത്തിന് ഒരു അറുതിയുമുണ്ടാകില്ല. അത് തീരുന്നതിനോ, നിർത്തലാക്കുന്നതിനോ ഉള്ള യതൊരു സാധ്യതയുമില്ല. മറിച്ച് ജീവാപായങ്ങൾക്കും, കെട്ടിടനാശങ്ങൾക്കും സാധ്യത കാണുന്നു.

ആഫ്രിക്കയിലാകട്ടെ ക്ഷാമത്തിനും,ദാരിദ്രവർദ്ധനയ്ക്കും ഉള്ള സാധ്യതയു്. പകർച്ചവ്യാധികൾ, വൈറസ് ആക്രമണം തുടങ്ങിയവ മുഖേന മരണനിരക്ക് വർദ്ധിച്ച് വൻ വിപത്തുകൾ സൃഷ്ടിക്കും. മറ്റുചില രാജ്യങ്ങളിൽ പ്രളയവും കൊടുങ്കാറ്റും, (സൈക്ലോൺ, ടൈഫൂൺ തുടങ്ങിയവ) ദുരന്തം വിതക്കും. തന്മൂലം മരണനിരക്ക് ഉയരുകയും, പകർച്ചവ്യാധികൾ, കെട്ടിടനാശം തുടങ്ങിയവ ഉാവുകയും, ചെയ്യും. അവിടങ്ങളിൽ വിമാനദുരന്തങ്ങൾക്കും, യാത്രക്കാരുടെ മരണങ്ങൾക്കും ഇടവരും.

അഹ്മദികളോടു കാട്ടിയ ക്രൂരത കാരണം പാകിസ്ഥാനും, അഫ്ഗാനിസ്ഥാനും, എന്തിന് ബംഗ്ലാദേശും,കാശ്മീരും, വരെ ദൈവീക ശിക്ഷക്കു വിധേയമാകും. അന്താരാഷ്ട്രതലത്തിൽ പെട്രോൾ, ഡീസൽ തുടങ്ങിയ ഇന്ധനങ്ങളുടെ വില വർദ്ധിക്കും.പല ബഹുരാഷ്ട്രകമ്പനികളും നഷ്ടത്തിലായതിനാൽ പൂട്ടുകയും, തൊഴിലാളികൾക്ക് ജോലി നഷ്ടമാവുകയും ചെയ്യും.വിവിധ രാജ്യങ്ങളിൽ സദാചാരവിരുദ്ധ പ്രവൃത്തികൾ, മോഷണം മുഖേനയുള്ള അതിക്രമം, കൊല, ബലാൽസംഗം, വ്യഭിചാരം, ഗർഭഛിദ്രം, സ്വവർഗ്ഗവിവാഹം തുടങ്ങിയവ സാധാരണമാകും.

ലോകത്തിലെ അതിശക്തരെന്ന് അഭിമാനിച്ച് ചെറുരാജ്യങ്ങളുടെ മേൽ യാതൊരു ദാക്ഷിണ്യവും കാട്ടാതെ ആധിപത്യം സ്ഥാപിച്ചിരുന്ന പല വൻ രാജ്യങ്ങളും, തങ്ങളുടെ ശക്തി ക്ഷയിച്ച് അല്ലാഹുവിന്റെ കോപത്തിനു പാത്രമായി ഒന്നുമല്ലാത്ത അവസ്ഥയിലായി മാറും.പല രാജ്യങ്ങളിലെയും, ഭരണാധിപന്മാർ വഞ്ചന, തട്ടിപ്പ്, പണാപഹരണം, അഴിമതി തുടങ്ങിയ കുറ്റകൃത്യങ്ങളിൽപ്പെട്ട് ജയിലാകുകയും, ഭരണാധിപന്മാർക്കെതിരിൽ അവിടുത്തെ ജനങ്ങൾ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുകയും ചെയ്യും.2012 ലോകരാഷ്ട്ര നേതാക്കളുടെയും, മതനേതാക്കളുടെയും മരണങ്ങൾക്ക് സാക്ഷ്യം വഹിക്കും.

## ദേശീയതലം(മൗറീഷ്യസ്)

2012–ൽ കൂടുതൽ തട്ടിപ്പ്, അഴിമതി–നിലവിലുള്ള അഴിമതി നില(നടക്കുന്നതാകൽ) വർദ്ധിക്കൽ,രഹസ്യങ്ങളുടെ ചുരുളഴിയൽ, “Petit Copain” (നിലവിലുള്ള ഗവൺമെന്റ്)–ന് കൂടുതൽ സംരക്ഷണം ലഭിക്കൽ തുടങ്ങിയവ ഉാകും.

## ആരോഗ്യരംഗവുമായി ബന്ധപ്പെട്ട വിഷയങ്ങൾ

വൈറസ് മുഖേന വൻവിപത്തിനു സാധ്യത. ഒരു പാട് ആളുകൾ രോഗബാധിതരാകുകയുംഅനേകമാളുകൾ മരണത്തിനു കീഴടങ്ങുകയും ചെയ്യും. ത്വക് രോഗം വർദ്ധിക്കും.ഒരു പ്രത്യേകതരം പനി ജനങ്ങളെ ബുദ്ധിമുട്ടിക്കും.അവശ്യസാധനങ്ങളുടെയും, സേവനങ്ങളുടെയും, വില വർദ്ധിക്കുകയും, ജനങ്ങളെ ദുരിതത്തിലാഴ്ത്തുകയും ചെയ്യും. ജനങ്ങൾ കടബാധിതരാകും.പല ചെറുകിട കമ്പനികളും, പൂട്ടുകയും, ഒരു പാടാളുകൾ മൗറീഷ്യസ് ഡെവലപ്മെന്റ് ബാങ്കിന്റെ കീഴിൽ കടക്കാരായി മാറുകയും ചെയ്യും.ഗവൺമെന്റ് ഇത്തരം ചെറുകിട സ്ഥാപനങ്ങൾക്ക് പണം വായ്പയായി അനുവദിക്കുമെങ്കിലും, അവർക്ക് കടത്തിൽ നിന്ന് മുക്തി നേടാനാവാത്തവിധം DBM ന്റെ കടക്കെണിയിൽപ്പെട്ടു തന്നെ കിടക്കും.ചൈന, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളുമായി മൗറീഷ്യസിന് നല്ല സുഹൃദ്ബന്ധം ഉാവുകയും, പതിവുപോലെ പണം വായ്പയ്ക്കെടുത്ത് , രാജ്യത്തിന്റെ കടക്കെണി കൂടുകയും ചെയ്യും. പണം വായ്പയായി വാങ്ങുന്നത്, വികസനാവശ്യങ്ങൾക്ക് പണം ഉണ്ട്ങ്കിലേ പറ്റൂ എന്ന് വിശ്വസിപ്പിച്ചു കൊണ്ട്, അതിനൊരു പരിഹാരമായിട്ടാണ് പക്ഷേ ഇത് ഒരു വൻ പരാജയത്തിന്–ഇപ്പോൾ ജീവിച്ചിരിക്കുന്ന മൗറീഷ്യൻ ജനതയെയും, ഇനി ജനിക്കാനിരിക്കുന്ന തലമുറയെയും, കടക്കാരായി മാറ്റുന്ന പ്രതിഭാസത്തിന് വഴിയൊരുങ്ങുകയാണ് ചെയ്യുന്നത്. നിലവിലിരിക്കുന്ന ഗവൺമെന്റ് കൂടുതൽ കൂടുതൽ കടംവലിച്ചുകയറ്റുകയും, വരാനിരിക്കുന്ന ഗവൺമെന്റ് കടക്കെണിയിൽപ്പെട്ട രാജ്യത്ത് മുള്ളിന്മേൽ ഇരിക്കേണ്ട് അവസ്ഥ വരികയും ചെയ്യും.

മന്ത്രിമാരും, സെക്രട്ടറിമാരും, ഡെപ്യൂട്ടിമാരും തങ്ങളുടെ അധികാരദുർവിനിയോഗം തുടരും.ജനങ്ങളും, പാർലമെന്റിലെ പ്രതിപക്ഷവും കാര്യങ്ങൾ വാതോരാതെ സംസാരിക്കുമെങ്കിലും , എതിർക്കുകയോ, ഇപ്പോഴത്തെ, ഹീനമായ അവസ്ഥയ്ക്കൊരു മാറ്റം വരുത്താനാവശ്യമായ നടപടിയെടുക്കുവാൻ ശ്രമിക്കുകയോ,ഒത്തോരുമിക്കുകയോ, ചെയ്യില്ല.കുരയ്ക്കും പട്ടി കടിക്കില്ല എന്ന പഴഞ്ചൊല്ലുപോലെ. മുനിസിപ്പൽ ഗ്രാമതലങ്ങളിലെ തെരഞ്ഞെടുപ്പുകൾ വലിയ മാറ്റമൊന്നും കൊണ്ടു വരില്ല.കഴിഞ്ഞകാല അനുഭവങ്ങളിൽ നിന്നും മൗറീഷ്യൻ ജനത ഒരുപാഠവും പഠിയ്ക്കില്ല. വഞ്ചകർക്കും, തട്ടിപ്പുകാർക്കും, അഴിമതിക്കാർക്കും തന്നെ വീണ്ടുമവർ വോട്ടു കൊടുക്കും. ഇലക്ക്ഷനുശേഷം മുനിസിപ്പൽ ടാക്സ് കൂടും. കൗൺസിലർമാരും, മേയർമാരും അവരുടെ അധികാരം ദുർവിനിയോഗം ചെയ്യും. നിലവിലുള്ള ഗവൺമെന്റിനെ തന്നെ തെരഞ്ഞെടുക്കുന്ന രീതി ആവർത്തിച്ചാൽ മൗറീഷ്യൻ ജനത അവരുടെ തെറ്റു തിരുത്താതെ, ആവർത്തിക്കുവാൻ തന്നെ തീരുമാനിച്ചാൽ, തുറന്നു പറയട്ടെ, കഴിഞ്ഞ വർഷങ്ങളിലേക്കാൾ കൂടുതൽ കൂടുതൽ കഷ്ടത അനുഭവിക്കേണ്ടി വരുമെന്നത് 100% വും ഉറപ്പായ വസ്തുതയാണ്. അതിനുശേഷം പിന്നെ അവർ പരാതി പറയരുത്, കാരണം അവർതന്നെയാണ് വോട്ടർമാർ.

നമുക്ക് മഴ ലഭിക്കുമെങ്കിലും രാജ്യത്ത് വരൾച്ച നിലനിൽക്കും. കനത്ത മഴയും സൈക്ലോൺ പോലെയുള്ള കൊടുങ്കാറ്റും ഉണ്ടാകും. ആയതിനാൽ മൗറീഷ്യൻ ജനത ബദ്ധശ്രദ്ധരാവുകയും, വേണ്ട മുൻകരുതലെടുക്കുകയും വേണം. പച്ചക്കറികൾ, ഇറച്ചി, മീൻ, കോഴി, തുടങ്ങിയ ഭക്ഷണസാധനങ്ങളുടെ വില വർദ്ധിക്കുകയും, തങ്ങളുടെ കുടുംബങ്ങളെ തീറ്റിപ്പോറ്റുന്നതിൽ മൗറീഷ്യൻ ജനത ബുദ്ധിമുട്ടുകയും ചെയ്യും.തൊഴിലില്ലായ്മ വർദ്ധിക്കും. ചെറുകിട വ്യവസായ സ്ഥാപനങ്ങളും,ഫാമുകളും, അടച്ചു പൂട്ടുന്ന നിലയിലാവും. ഇന്ധനവില കൂടും. ക്രമസമാധാന നിയന്ത്രണത്തിനായി നിയമിതരാവുന്ന പോലീസുകാരുടെ എണ്ണം വർദ്ധിക്കുമെങ്കിലും, ജനങ്ങൾക്ക് സുരക്ഷിതത്വം കുറവായിരിക്കും. ക്യാമറകൾ സുരക്ഷതത്വത്തിനായി സ്ഥാപിക്കുമെങ്കിലും, വീട്ടിനുള്ളിൽ പോലും ജനങ്ങൾക്ക് സുരക്ഷിതത്വം കാണില്ല. ബലാൽസംഗം, മോഷണം തുടങ്ങിയ അതിക്രമങ്ങൾ കൂടുകയും, മുൻകാലങ്ങളിലേക്കാൾ കൂടുതലായ തോതിൽ യുവജനങ്ങൾ ചൂതാട്ടങ്ങളിലും മറ്റും ഏർപ്പെടും. നാടിന്റെ മുക്കിലും മൂലയിലും ചൂതാട്ടകേന്ദ്രങ്ങൾ കുമിഞ്ഞു കൂടുകയും, അനായാസേന കാശുണ്ടാക്കാൻ വേണ്ടി ഏതു ദുർമാർഗ്ഗവും സ്വീകരിക്കുവാനും, എന്തതിക്രമം കാട്ടുവാനും അവർ തയാറാകും. ചൂതാട്ടത്തിൽ കാശു പോയവർ ചൂതാട്ടത്തിനാവശ്യമായ കാശുണ്ടാക്കാനായി, കൊല, മോഷണം തുടങ്ങിയ ഏതു പ്രവൃത്തിയും ചെയ്യുവാനൊരുമ്പെടും. നാഷണൽ ലോട്ടറി പോലുള്ള, ചൂതാട്ടങ്ങൾ ഗവൺമെന്റിന് കാശുണ്ടാക്കാനുള്ള ഏക വഴിയാണ്. ജനങ്ങളെ ചൂതാട്ടത്തിൽ നിന്നും പിന്തിരിപ്പിക്കുന്നതിനു പകരം, പ്രോത്സാഹിപ്പിക്കുന്ന ഒരു നയമാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നതായി കാണുന്നത്. കൂടാതെ, ലഹരി പാനീയങ്ങൾ, സിഗരറ്റ് തുടങ്ങിയവയുടെ വില്പന യിലൂടെ അവർ കൂടുതൽ കാശുണ്ടാക്കുന്നു. ഇത് തെറ്റുകൾ വർദ്ധിക്കുവാനും, ലഹരി ഉപയോഗം കൂടുവാനും കാരണമാകുന്നു. പരിണിത ഫലമോ, അനേകമാളുകൾ ജയിലിലടയ്ക്കപ്പെടുകയും, മാനസിക ആരോഗ്യകേന്ദ്രങ്ങളിൽ, പ്രവേശിപ്പിക്കപ്പെടുകയും ചെയ്യും. അപമര്യാദപരമായ പെരുമാറ്റങ്ങൾ കൂടും.പെൺകുട്ടികൾ ഉൾപ്പെടെയുള്ള സ്ത്രീജനങ്ങളുടെ പെരുമാറ്റ രീതിയിലും,വസ്ത്രധാരണ രീതിയിലും ശോചനീയ

മായ മാറ്റം അനുഭവപ്പെടും. ഇതു മറ്റൊരു തരത്തിൽ ബലാൽസംഗ നിരക്ക് വർദ്ധിക്കുവാൻ കാരണവുമാകും.

## വിദ്യാഭ്യാസ മേഖല:

വിദ്യാഭ്യാസ മന്ത്രി നടപ്പിൽ വരുത്തുന്ന വിദ്യാഭ്യാസ പരിഷ്കാരങ്ങളുടെ പരിണിതഫലമായി പ്രൈമറി– സെക്കന്ററി സ്കൂൾ തലങ്ങളിലെ വിജയശതമാനം ഗണ്യമായി കുറയും. മൗറീഷ്യൻ ജനത കാപട്യം,അസൂയ, നിരാശ, വിദ്വേഷം, എടുത്തുചാട്ടം തുടങ്ങിയവയിലധിഷ്ഠിതമായ ഒരു പ്രവർത്തന ശൈലിയിലേക്ക് ആകൃഷ്ടരാവും. രാജ്യത്തെ പ്രമുഖരായ പല വ്യക്തികളും, കാലയവനിക പ്രാപിക്കും.സാമ്പത്തിക രംഗം മെച്ചപ്പെടുമെന്ന് പലരും, കരുതുമെങ്കിലും അങ്ങനെയാവില്ല സംഭവിക്കുക.കാര്യങ്ങൾ കൂടുതൽ വഷളാകുമെന്നല്ലാതെ വലിയ മാറ്റമൊന്നും വരില്ല. ഇത്തവണത്തെ ധനകാര്യമന്ത്രിയുടെ ബഡ്ജറ്റ് താഴേക്കിടയിലും മധ്യവർഗ്ഗത്തിലും, പെടുന്ന ജനങ്ങളെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം ദാരുണവും, അപലപനീയവുമായ ഒന്നായിരിക്കും. അവർക്കത് ഒരു വൻ വിപത്തായേ അനുഭവപ്പെടൂ. ഗവൺമെന്റ് ജനങ്ങളുടെ ശ്രദ്ധയെ യഥാർത്ഥ പ്രശ്നങ്ങളിൽ നിന്നും അകറ്റി വിദേശങ്ങളിൽ നിന്നുള്ള കലാകാരന്മാരുടെ കലാപരിപാടികളിലും, വിനോദങ്ങളിലും, കച്ചേരികളിലും, കേന്ദ്രീകരിപ്പിക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിക്കും. റോഡുനിർമ്മാണത്തിനും, SSR ഇന്റർനാഷണൽ എയർപോർട്ടിന്റെ നവീകരണത്തിനുമായി കോടികണക്കിനു രൂപ ചെലവഴിക്കുകയും അതുവഴി കടങ്ങളിലാണ്ടു പോവുകയും ചെയ്യും. ഈ പുരോഗമന പ്രവർത്തനങ്ങളൊന്നും തന്നെ താഴേക്കിടയിലുള്ള സാധാരണക്കാരായ പാവങ്ങളുടെ വിശപ്പിനെ ശമിപ്പിക്കുകയില്ല എന്നതൊരു യാഥാർത്ഥ്യമായി നിലകൊള്ളും. നിശ്ചയമായും കുമിഞ്ഞുകൂടുന്ന ഈ കടങ്ങളൊക്കെ വീട്ടുന്നത് അധികാരത്തിലിരിക്കുന്ന ഗവൺമെന്റല്ല, മറിച്ച് സാധാരണക്കാരായ പാവം  ജനങ്ങൾ ആണ്.

തൊഴിൽ സുരക്ഷിതത്വത്തെപ്പറ്റി വാതോരാതെ സംസാരിക്കുന്നത് കേൾക്കുമെങ്കിലും, പ്രായോഗിക തലത്തിൽ നേരെ മറിച്ചാവും സ്ഥിതി. പല തൊഴിൽ മേഖലകളിലും, കണക്കിലധികം തൊഴിലാളികൾ ഉണ്ടാവും. ഗവൺമെന്റ് തലത്തിൽ സുപ്രധാനതസ്തികകളിൽ ഇരിക്കുന്ന ഉദ്യോഗസ്ഥരിൽ ഏറെയും, തങ്ങൾ ഗവൺമെന്റിന്റെ ആവശ്യങ്ങൾക്കു മാത്രമേ വില കല്പ്പിക്കൂ എന്ന് പൊങ്ങച്ചം മുഴക്കുന്നവരായിരിക്കും. മൗറീഷ്യസ് ടെലികോം ഡിപ്പാർട്ട്മെന്റിന്  അവരുടെ ടെക്നോളജി മിനിസ്റ്ററുമായി സ്വരചേർച്ചയില്ലാതെ വരും.

പ്രവിന്ദ് ജഗന്നാഥിന്റെ ഒരു അടുത്ത സുഹൃത്ത് അദ്ദേഹവുമായുള്ള അഭിപ്രായവ്യത്യാസത്തെത്തുടർന്ന് അദ്ദേഹത്തിന്റെ പാർട്ടിയിൽ നിന്നും രാജിവയിക്കുകയും, അദ്ദേഹത്തിന്റെ സ്ഥാപിത താത്പര്യമുള്ള മറ്റൊരു പാർട്ടിയിൽ ചേരുകയും ചെയ്യും.

നിങ്ങളെല്ലാരും അറിയുന്നതു പോലെ, ജനുവരി ഒന്നാം തീയതി നുതൽ വെള്ളക്കരം കൂട്ടിയിരിക്കുകയാണ്. രാജ്യം അങ്ങേയറ്റം വരൾച്ച അനുഭവിക്കുന്ന ഒരു ഇടവേളയാണിതെന്നോ, ഒരു തുള്ളി വെള്ളം പോലും ഉപയോഗിക്കാൻ കിട്ടാത്ത ജനങ്ങളുമുള്ള നാടാണെന്നോ ഉള്ള യാതൊരു ദാക്ഷിണ്യവും  കൂടാതെയുള്ളതാണ് ഈ നടപടി. വെള്ളക്കരത്തിന്റെ മാസാ മാസമുള്ള ബില്ലുകളിൽ 35% വർദ്ധനവാണ് വരുത്തിയിരിക്കുന്നത്.

കഴിഞ്ഞ വർഷത്തേതിനെ അപേക്ഷിച്ച് ഈ വർഷം മാരകമായ അപകടങ്ങളിൽ മരണമടയുന്ന ആളുകളുടെ എണ്ണം കൂടും.

ഈ വർഷവും, വിവാഹമോചിതരുടെയും,വിവാഹമോചനക്കേസുകളുടെയും, എണ്ണം കൂടിക്കൊണ്ടിരിക്കും.– ജോലിയുള്ള സ്ത്രീകൾ പുരുഷന്മാരെക്കാൾ എണ്ണത്തിൽ കൂടുതലാവും. പാർലമെന്റ് ഉൾപ്പെടെയുള്ള സുപ്രധാന തസ്തികകളിലെല്ലാം സ്ത്രീസാന്നിധ്യം കൂടുതലായി വരും. ലോകമാകമാനവും, മൗറീഷ്യസിലും ഇതു പോലെ മറ്റൊരുപാട് കാര്യങ്ങൾ പറയാനായി ഇനിയും ഉണ്ട്.

## ജമാഅത്ത് അഹ്മദിയ്യാ ഇന്റർനാഷണൽ

വാഗ്ദത്ത മസീഹ്(അ) സ്ഥാപിച്ച ജമാഅത്തിൽ അദ്ദേഹം നടപ്പിലാക്കിയ ഭരണനിർവ്വഹണ രീതി പിന്തുടരുന്നതിൽ അഞ്ചാം ഖലീഫ മതിയായ ശ്രദ്ധ പതിപ്പിക്കുന്നില്ല. തന്റെ അമീർമാരുടയും, മുല്ലാമാരുടെയും, വ്യാജറിപ്പോർട്ടുകളെ മാത്രം അടിസ്ഥാനമാക്കിയുള്ള ഒരു ഭരണനിർവ്വഹണ രീതിയാണ് അദ്ദേഹം സ്വീകരിച്ചു പോരുന്നത്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ, ഇസ്ലാമിക നീതിശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ഖലീഫ ശരിയായ തീരുമാനങ്ങളെടുക്കുന്നതിനു പകരം, മേൽപറഞ്ഞ അമീർമാരും, മൗലവിമാരും, കൂടി ജമാഅത്തിന്റെ നാശത്തിന് ആക്കം കൂട്ടുകയാണ്. അഹ്മദികൾ ആർക്ക് സലാം പറയണം, ആർക്ക് പറയരുത്, ആരെയൊക്കെ ബഹിഷ്കരിക്കണം തുടങ്ങിയ കാര്യങ്ങളിലുൾപ്പെടെ പ്രധാന തീരുമാനങ്ങൾ കൈകൊള്ളുന്നത് ഖലീഫയെ ചുറ്റി പറ്റി നില്ക്കുന്ന ഇത്തരക്കാരാണ്.

ജമാഅത്തെ അഹ്മദിയുടെ മൗറീഷ്യസിലെയും എന്തിന് മറ്റു രാജ്യങ്ങളിലെയും, ജമാഅത്തുകളിൽ 2001 മുതൽ നിലവിലിരിക്കുന്ന ഭരണനിർവ്വഹണ രീതി വിലയിരുത്തുന്ന പദ്ധതി ഇപ്പോൾ –2012 ആയപ്പോഴെക്കും, ഏതാണ്ട് ശോചനീയമായ നിലയിലാണ്. അത് കാപട്യം, അസൂയ, വിദ്വേഷം, വെറുപ്പ്, തുടങ്ങിയവ കൊണ്ട് മൂടപ്പെട്ടു പോയിരിക്കുന്നു. അഹ്മദികൾ വീണ്ടു വിചാരമില്ലാത്ത–എടുത്തുചാട്ടക്കാരായ ആൾക്കാരായി പ്രവർത്തിക്കുകയും, ചെയ്യുന്നവരായി കഴിഞ്ഞിരിക്കുന്നു. ഇവയുടെ പരിണിത ഫലം അങ്ങേയറ്റം ദാരുണമാണ്.ഇത്തരം ശോചനീയാവസ്ഥക്ക് ഖലീഫയും, ഖലീഫയുടെ പ്രതിനിധികളും അല്ലാഹുവിന്റെ മുന്നിൽ ഉത്തരവാദിത്വമേല്ക്കേണ്ടവർ ആയി വരുന്നതുമാണ്. വർഷങ്ങളെത്ര കഴിഞ്ഞാലും, ഒരു പുതിയ വർഷം പിറവിയെടുത്താലും, കാപട്യവും, അഴിമതിയും അവസാനിക്കില്ല.–അത് മൗറീഷ്യസിലായാലും, മറ്റേതു രാജ്യത്തായാലും. എവിടെയും തറവാട്ടു ഭരണം തന്നെ–ജമാഅത്തിലെ പ്രശസ്ത കുടുംബക്കാരും, പ്രസിദ്ധ വ്യക്തികളും ആയവർ സാധാരണക്കാരായ– താഴെക്കിടയിലുള്ള കുടുംബങ്ങളുമായി ഇടപഴകാറില്ല. ഖജനാവിലേക്ക് യഥേഷ്ടം കാശെത്തികൊണ്ടിരിക്കും. പക്ഷെ ഈ കാശിന്റെ നിയന്ത്രണവും, അതിന്റെ ചെലവുകളും ഒരു വൻ പരാജയമായി മാറും. സർവ്വശക്തനായ അല്ലാഹുവും, അവന്റെ തിരുദൂതരും(സ.അ), വാഗ്ദത്തമസീഹ്(അ) ഉം പഠിപ്പിച്ചതുപോലെ ജമാഅത്തിന്റെ കാശ് ശരിയായ രീതിയിൽ ചെലവഴിക്കപ്പെടില്ല. അതിശയോക്തി കലർന്ന തരത്തിലുള്ള ചെലവ് കണക്കുകൾ തയാറാക്കപ്പെടാം. ഇസ്ലാമിന്റെ സന്ദേശം മറ്റിതര മതസ്ഥർക്ക് കൈമാറുന്നതിൽ തീർത്തും പരാജയമാണ് കാണുന്നത്. ഒരു പുരോഗതിയും ഇല്ല–സീഷെൽസ്, റീയൂണിയൻ തുടങ്ങിയ ദ്വീപുകളിലെ മിഷൻ കേന്ദ്രങ്ങൾ അടച്ചുപൂട്ടിയതിന്റെ ക്രെഡിറ്റ് മൗറീഷ്യസ് അഹ്മദിയ്യാ ജമാഅത്തിന് അവകാശപ്പെട്ടതാണ്. മൗറീഷ്യസിൽ തബ്ലീഗ് നടക്കുന്നേയില്ല. തബ്ലീഗിൽ താത്പര്യമുള്ള ആൾക്കാരില്ല എന്നതാണ് ശരി. പകരം, ഇവരെല്ലാംമറ്റുള്ളവരെ കളിയാക്കുന്നതിലും പരിഹസിക്കുന്നതിലും, ചാരപ്രവൃത്തി ചെയ്യുന്നതിലും, കുശുമ്പും, കുന്നായ്മയും പരത്തുന്നതിലും ബദ്ധശ്രദ്ധാലുക്കളായി നിലകൊള്ളുകയാണ്.നൂറുകണക്കിനുള്ള വഖ്ഫ്–എ–നൗ ആൾക്കാരൊക്കെ എവിടെ? ഇവരിൽപ്പെട്ട നാലോ അഞ്ചോ പേരെക്കുറിച്ച്–ആഫ്രിക്കയിലെ ഘാനയിലേക്ക് പോയവർ മാത്രമേ നാം കേൾക്കുന്നുള്ളൂ.

6 മാസത്തെ തബ്ലീഗ് കോഴ്സിൽ പങ്കെടുത്ത് പരിശീലനം നല്കപ്പെടുന്നതിലേക്ക് താത്പര്യമുള്ള 12 മുതൽ 15 വരെ അഹമദികളെ ജമാഅത്തിനാവശ്യമുണ്ടെന്ന് കേൾക്കുന്നുണ്ട് ഈയിടെ.ഠ 1915ൽ ഇവിടെ ജമാഅത്ത് നിലവിൽ വന്ന കാലം മുതൽ തന്നെ തബ്ലീഗ് സംബന്ധിയായ നൂറുകണക്കിന് അച്ചടിച്ച സാഹിത്യങ്ങൾ ലഭ്യമായ ഈ ജമാഅത്തിൽ പുതിയതായി ഇനിയൊരു തബ്ലീഗ് കോഴ്സിന്റെ ആവശ്യമുോ? ഇതെന്താണ് സൂചിപ്പിക്കുന്നത്? ഇത്രയും സാഹിത്യകൃതികൾ ലഭ്യമായിട്ടും, തബ്ലീഗ് സംബന്ധിയായ കാര്യങ്ങളിൽ പ്രാപ്തിയില്ല എന്നു വരികിൽ, ആത്മീയത വാക്കുകളിലേയുള്ളൂ പ്രവൃത്തിയിലില്ല എന്നല്ലേ സൂചിപ്പിക്കുന്നത്. ഇപ്പോഴത്തെ തലമുറ ഭൗതികത്തിനുപിന്നാലെ പായുകയാണ്.അഹമദിയാ ജമാഅത്ത് എവിടെയെത്തിനില്ക്കുന്നു എന്നതിന് ജമാഅത്തിലെ വഖ്ഫ്–എ–നൌ–കളുടെ ജീവിതമൊന്നു വീക്ഷിച്ചാൽ മതി.എത്ര ലജ്ജാകരം; ജമാഅത്തിലെ യുവതലമുറയുടെ ജീവിതമൊന്നു നോക്കൂ.കുറച്ചു സമ്പത്തും,വാഹനവുമുള്ളവർക്കെല്ലാം, അഹന്തയും, പൊങ്ങച്ചവും,താൻ വലിയവനാണെന്ന ഭാവവും അല്ലാതെ മറ്റെന്താണ് കാൺമാനുള്ളത്? അവരെ നോക്കുമ്പോൾ, തങ്ങളെ വെല്ലാൻ മറ്റാരുമില്ല എന്നൊരു ഭാവമാണ് അവരിൽ കാണുന്നത്. പക്ഷേ അവരൊരു സത്യം ഓർക്കുന്നേയില്ല. അവർക്കിപ്പോൾ ഉള്ളതെന്ന് അവർ കരുതുന്നതെല്ലാംതന്നെ സർവ്വശക്തനായ അല്ലാഹുവാണ് അവർക്ക് നല്കിയതെന്നും ഇതെല്ലാം അല്ലാഹു അവരിൽ നിന്നും പിടിച്ചെടുക്കുന്ന ഒരു ദിവസം വരുമെന്നും, അന്ന് അവരുടെ അവസ്ഥ ഏറെ പരിതാപകരമായിരിക്കും. എന്നും എത്ര തന്നെ പകിട്ടിലായിരുന്നാലും അവരൊക്കെ യാതൊരു വിലയുമില്ലാത്തവരായി അന്ന് നിലകൊള്ളും.മൗറീഷ്യസിലെ അഹ്മദികളുടെ ചരിത്രം തന്നെ ഉദാഹരണമായി എടുത്തു പരിശോധിച്ചാൽ പൊങ്ങച്ചം നടിച്ച് അഹങ്കാരികളായി, അഹംഭാവികളായി നടന്നവരുടെയൊക്കെ നില ഇന്നെത്ര ശോചനീയമാണ്.നിങ്ങൾ നിങ്ങളെത്തന്നെ സൂക്ഷിച്ചോളൂ, അല്ലാഹു നിങ്ങളെ സംരക്ഷിക്കാനേല്പ്പിച്ച അമാനത്ത് ഭദ്രമായി സൂക്ഷിച്ചോളുവിൻ.

പണവും പ്രതാപവും നിങ്ങളെ തലക്കനമുള്ളവരായും അഹംഭാവികളായും, ധിക്കാരികളായും മാറ്റാതെ സൂക്ഷിക്കുക. ഈ ഭൗതിക ലോകത്ത് നിങ്ങൾക്കുള്ളതൊന്നും നിങ്ങളുടേതല്ല. എല്ലാം അല്ലാഹുവിനു മാത്രമുള്ളതാകുന്നു. എല്ലാം തിരികെ എടുക്കുന്ന നാളിൽ എന്തായിരിക്കും നിങ്ങളുടെ അവസ്ഥ?

പൊതുവേ പറഞ്ഞാൽ ലജ്ജ എന്ന വികാരം ജമാഅത്ത– അഹ് മദിയായിൽ നിന്നും അപ്രത്യക്ഷമായിരിക്കുകയാണ്. അതിലെ യുവതലമുറയുടെ വസ്ത്രധാരണ രീതി മാത്രം നോക്കിയാൽ മതി.എത്ര ലജ്ജാകരമാണ്? ബുർഖ ഉപേക്ഷിച്ച വനിതകൾ വരെയുണ്ട്.ഇക്കൂട്ടരിൽ 2011 ഡിസംബർ

30 വെള്ളിയാഴ്ച–പുതുവർഷത്തലേന്ന്– പുതുവർഷപ്പിറവി ആഘോഷവുമായി ബന്ധപ്പെട്ട് പടക്കങ്ങളും മറ്റും വാങ്ങുകയും പൊട്ടിക്കുകയും ചെയ്യുന്നത് വിലക്കി കൊണ്ട് ഞാനൊരു ഖുത്തുബ നടത്തിയിരുന്നു.എന്നിട്ടും അഹ്മദികളിലൊരു വിഭാഗം ഇത്തരം വിനോദ പരിപാടികളിൽ മുഴുകിയിരിക്കുന്നതായി കാണപ്പെട്ടു. ഡിസംബർ 31 ശനിയാഴ്ച പേമാരി വർഷിച്ച് അല്ലാഹു അവർക്കൊരു താക്കീത് നല്കിയെങ്കിലും ആ അഹ്മദികൾ അതിനെ അവഗണിച്ചു കൊണ്ട് പടക്കം പൊട്ടിക്കുന്നതിൽ മറ്റുള്ളവരോടെപ്പം വ്യാപൃതരായി നിലകൊണ്ടു. എന്നെ കളിയാക്കുകയാണെന്നാണ് അവരുടെ വിചാരം. പക്ഷെ നിശ്ചയമായും അവർ അല്ലാഹുവിനെ കളിയാക്കുകയാണ്. അല്ലാഹുവിന്റെ സന്ദേശം കൈമാറാൻ വേണ്ടി മാത്രമാണ് ഞാനിവിടെയുള്ളത്. ഇത്തരം പ്രവൃത്തികളുടെ ഗുരുതരമായ ഭവിഷ്യത്ത് അവർക്കും അവരുടെ കുഞ്ഞുങ്ങൾക്കും ആണ്. ഇതര മതവിഭാഗക്കാരെക്കാൾ ഇവിടുത്തെ അഹ്മദി സഹോദരങ്ങൾ ക്രിസ്തുമസ്, പുതുവർഷപ്പിറവി തുടങ്ങിയവ ആഘോഷിക്കുവാൻ മുൻപന്തിയിൽ നില്ക്കുന്നു. എന്നിട്ടും ഇവർ വാഗ്ദത്ത മസീഹി(അ)ന്റെ ജമാഅത്തിലെ അംഗങ്ങളാണ്.

ജമാഅത്ത് സഹീഹുൽ ഇസ്ലാമിലെ അംഗങ്ങൾ ഒരിക്കലും ഇത്തരം ആൾക്കാരുടെ പാത പിന്തുടരരുത്. അവർ ഒരുക്കലും നമുക്ക് പറ്റിയ മാതൃകകളല്ല. ഹസ്രത്ത് മുഹ മ്മദ് നബി(സ)യും അദ്ദേഹത്തിന്റെ പത്നിമാരിലും നമുക്കുത്തമ മാതൃകകളുണ്ട്. നമുക്ക് കണക്കു ബോധിപ്പിക്കേണ്ടത് അല്ലാഹുനോടു മാത്രമാണ്. അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്താൽ, ഇത്തരം ആൾക്കാരെ ഏതവസരത്തിലും, ഏതവസ്ഥയിലും നേരിടുന്നതിന് നമുക്ക് ഭയപ്പെടേണ്ടതുമില്ല. 2012–ാം വർഷം ജമാഅത്തു സഹീഹുൽ ഇസ്ലാമിനേ ഒരുപാടു കാര്യങ്ങൾ നേടിയെടുക്കേണ്ടതുണ്ട്. ഈ കാര്യങ്ങളെല്ലാം പൂർത്തിയാക്കുവാനായി അല്ലാഹു നമ്മെ ഏല്പ്പിച്ചവയാണ്. ആയതിനാൽ അല്ലാഹുവിനോടും അവന്റെ ഈ കാലഘട്ടത്തിലെ ഖലീഫത്തുല്ലാഹ്–യോടും അനുസരണം പുലർത്തി കൊണ്ട് നാമെല്ലാവരും ഒരൊറ്റ ശരീരവും ആത്മാവുമായി പ്രവർത്തിക്കേണ്ടതാണ്. അങ്ങനെയായാൽ ഇൻശാ അല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തുൽ സഹീഹുൽ ഇസ്ലാമിന് അല്ലാഹുവിന്റെ സന്ദേശത്തെ , അല്ലാഹുവിന്റെ ഏകത്വത്തെ ലോകത്തിന്റെ നാനകോണുകളിലും എത്തിക്കുവാൻ സാധിക്കുന്നതാണ്. അല്ലാഹു അവന്റെ മഹത്തായ ശക്തി പ്രഭാവത്താൽ, ആയിരക്കണക്കിനാളുകളെ ജമാഅത്തുൽ സഹീഹിൽ ഇസ്ലാമിന്റെ കീഴിൽ ഒറ്റ ശരീരവും ആത്മാവുമായി പ്രവർത്തിക്കുവാൻ ഒരുമിപ്പിക്കു മാറാകട്ടെ. തബ്ലീഗ് രംഗത്തും, സാമ്പത്തിക ത്യാഗത്തിലും അല്ലാഹു നമ്മെ കൂടുതൽ പ്രയത്നങ്ങൾ കാഴ്ച വയ്ക്കുവാൻ സഹായിക്കുമാറാകട്ടെ. ഇൻശാ അല്ലാഹ് പുതിയ പുതിയ രാജ്യങ്ങളിൽ സഹീഹുൽ ഇസ്ലാമിന്റെ പുതിയ കേന്ദ്രങ്ങൾ തുറക്കുന്നതും പുതിയ പുതിയ അംഗങ്ങൾ വരുന്നതുമാണ്.

തബ്ലീഗ് പ്രവർത്തനം വേണ്ട രീതിയിൽ നന്നായി ചെയ്യാനുള്ള ആത്മവിശ്വാസം കുറഞ്ഞ ആൾക്കാർക്ക്, മറ്റുള്ളവർക്ക് തബ്ലീഗ് പ്രവരത്തനങ്ങൾക്കായി പോകുന്നതിനു, വിവിധ ഗ്രന്ഥങ്ങളും, അൽ അസിംതഫ്സീറുൽ ഖുർ ആനും മറ്റും വിവിധ ഭാഷകളിലേക്ക് വിവർത്തനം ചെയ്യുന്നതിനും മറ്റുമായി കൂടുതലായി ധനത്യാഗം ചെയ്യാവുന്നതാണ്. ഇൻശാ അല്ലാഹ് . ഈ വർഷം ദീനി സേവനത്തിനായി സഹീഹുൽ ഇസ്ലാം അംഗങ്ങൾക്ക് അവരുടെ വ്യക്തിഗത സൈറ്റുകൾ തുറക്കാവുന്നതാണ് ഇൻശാ അല്ലാഹ്.

ഇൻശാ അല്ലാഹ് ഈ വർഷം മുതൽ ജമാഅത്ത് സഹീഹുൽ ഇസ്ലാമിലെ അംഗങ്ങളുടെ എണ്ണം വർദ്ധിക്കുന്നതും ലോകമെമ്പാടും പുതിയ ഔദ്യോഗിക കേന്ദ്രങ്ങളും, പള്ളികളും, വെബ്സൈറ്റുകളും തുറക്കുന്നതുമാണ്. ഇൻശാ അല്ലാഹ് ഒരു സ്വകാര്യ ടിവി ചാനലിനും സാധ്യതയുണ്ട്. അല്ലാഹുവിന്റെ സന്ദേശം ലോകസമക്ഷം വെക്കുന്നതിനായി നമ്മുടെ ദായി–ഇലല്ലാഹ്– പ്രവർത്തകർ പ്രവർത്തന നിരതരാകുന്നതാണ്. ഈ അവസരത്തിൽ എല്ലാ യുവജനങ്ങളോടും ആയി എന്റെ അഭ്യർത്ഥന നിങ്ങൾ എല്ലാവരും, സർവ്വശക്തനായ അല്ലാഹു നിങ്ങൾ എങ്ങനെ നന്നായി പെരുമാറണമെന്നാഗ്രഹിക്കുന്നവോ, അതുപോലെ നല്ല പെരുമാറ്റം കാഴ്ച വയ്ക്കുന്നവരാകണം എന്നാണ്. അല്ലാഹുവിന്റെ കോപം നിങ്ങളിലേക്ക് വലിച്ചു വയ്ക്കാതിരിക്കുകയും അല്ലാഹുവിന്റെ ജമാഅത്തിനോട് കൂറും ആത്മാർത്ഥയും പുലർത്തുകയും, ജമാഅത്തുൽ സഹീഹിൽ ഇസ്ലാമിന്റെ ധീരപോരാളികളും യഥാർത്ഥ ദൂതന്മാരുമായി മാറുകയും ചെയ്യുക. ഇൻശാ അല്ലാഹ്.

ജമാഅത്ത് സഹീഹുൽ,ഇസ്ലാമിലെ എല്ലാ അംഗങ്ങളോടും മുതിർന്നവരോടും, യുവജനങ്ങളോടും, ബാലൻമാരോടും, ബാലികമാരോടും, എനിക്ക് പറയാനുള്ളത് നിങ്ങൾക്ക് ഉപദേശമാവശ്യമുള്ളപ്പോഴോ ഒരുപ്രശ്നത്തെ അഭിമുഖീകരിക്കേണ്ടി വരുമ്പോഴോ ഈ വിനീതനുമായി ബന്ധപ്പെടുന്നതിൽ മടിക്കാതിരിക്കുക. നിങ്ങൾക്ക്, എനിക്കെഴുതുകയോ, ഫോൺ ചെയ്യുകയോ, ഇ–മെയിൽ വഴി ബന്ധപ്പെടുകയോ ചെയ്യാം. നിങ്ങൾക്ക് സദാ സ്വാഗതം. ഇൻശാ അല്ലാഹ് നിങ്ങൾ ഒരു കാരണവശാലും മടി ക്കേണ്ടതില്ല. ഞാൻ നിങ്ങളുടെ ആത്മീയ നേതാവും നിങ്ങൾ എന്റെ ശിഷ്യഗണങ്ങളുമാണ്. മടി വിചാരിക്കരുത്. ഇൻശാ അല്ലാഹ്. ഈ 2012–ൽ നിങ്ങൾ എവിടെയായിരുന്നാലും, അല്ലാഹു നിങ്ങളെ അനുഗ്രഹിക്കുകയും നിങ്ങളുടെ പ്രശ്നങ്ങ

ളെയും ബുദ്ധിമുട്ടുകളെയും ദുരീകരിക്കുകയും നിങ്ങൾക്ക് ആയുരാരോഗ്യവും ദീർഘായുസ്സും നൽകി അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ. ഇൻശാ അല്ലാഹ് ആമീൻ.

*Translated by:* *Fauzia Jamal*
*Issued by:* *R. Jamaludin Raother, Amir*

*Jamaat Ul Sahih Al Islam kerala*
*Ph: 9447001832, 0475-2252530*
*Email: jamal.raother@gmail.com*
*Website: http://www.jamaat-ul-sahih-al-islam.com*